(ബി) അവർക്ക് ഇടത്താവളങ്ങളിലെത്തുന്നതിനും തുടർന്നുള്ള യാത്രയ്ക്കും ടൂറിസം വകുപ്പ് എന്തെല്ലാം സഹായങ്ങളും സൗകര്യങ്ങളും ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) കേരളത്തിലെ വിമാനത്താവളങ്ങളിലും പ്രധാനപ്പെട്ട റെയിൽവേ സ്റ്റേഷനുകളിലും ടൂറിസം വകുപ്പിന്റെ ഇൻഫർമേഷൻ കൗണ്ടറുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ടൂറിസം വകുപ്പ് പ്രത്യേക സൗകര്യങ്ങളൊന്നും ചെയ്തിട്ടില്ല.

എല്ലാവർക്കും ശുദ്ധജലം എത്തിക്കുക എന്ന ലക്ഷ്യം

*30 [210] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
ശ്രീമതി രാധാ രാഘവൻ:
ശ്രീ. ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാവർക്കും ശുദ്ധജലമെത്തിക്കുക എന്ന ലക്ഷ്യം എന്നത്തേയ്ക്ക് സാദ്ധ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് എന്നും ഇപ്പോൾ എത്ര ശതമാനം പേർക്ക് ശുദ്ധജലം എത്തിക്കാൻ കഴിയുന്നു എന്നും ബാക്കിയുള്ളവർക്ക് കൂടി ശുദ്ധജലമെത്തിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയനുസരിച്ച് ഓരോ വർഷവും എത്ര വീതം ശുദ്ധജലവിതരണ സംരംഭങ്ങൾക്ക് രൂപം നൽകുവാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദീകരിക്കുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) 2006-07-ഓടുകൂടി മിതമായ തോതിലെങ്കിലും എല്ലാവർക്കും ശുദ്ധജലമെത്തിക്കാൻ ലക്ഷ്യമിട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ സംസ്ഥാനത്ത് 63% ആളുകൾക്ക് ശുദ്ധജലം നൽകുന്നുണ്ട് (ഗ്രാമീണ ജനതയ്ക്കു 59%-വും നഗരവാസികൾക്ക് 79%-വും). ബാക്കിയുള്ളവർക്ക് ശുദ്ധജലമെത്തിക്കാനായി കേരള വാട്ടർ അതോറിറ്റി നടപ്പാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്.† ഇതുകൂടാതെ കേരളാ വാട്ടർ സപ്ലൈ & സാനിട്ടേഷൻ ഏജൻസി വഴിയും സെക്ടർ റിഫോംസ് പദ്ധതിയിൻ കീഴിലും സ്വജൽധാരാ പദ്ധതിയനുസരിച്ചും പഞ്ചായത്തുകൾ മുഖേനയും ചെറുകിട ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ ഇതേ ലക്ഷ്യപ്രാപ്തിക്കായി നടപ്പാക്കി വരുന്നുണ്ട്.

(ബി) മേൽപ്പറഞ്ഞ പദ്ധതികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഓരോ വർഷവും പരമാവധി പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

† അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[29-1-2004-ലെ നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 30 (210) ദയവായി കാണുക]

കേരളാ വാട്ടർ അതോറിറ്റി ഏറ്റെടുത്ത് നടത്തി വരുന്ന പദ്ധതികൾ

1. കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടെ പണി നടന്നുകൊണ്ടിരിക്കുന്ന 118 ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ (ഇതിൽ 32 എണ്ണം സംസ്ഥാന ഫണ്ട് ഉപയോഗിച്ചുള്ളവ)
2. 7 ത്വരിത നഗര ശുദ്ധജലവിതരണ പദ്ധതികൾ
3. 90% കേന്ദ്ര സഹായത്തോടെയും 10% ഉപഭോക്തൃ വിഹിതത്തോടെയും നടപ്പിലാക്കി വരുന്ന 111 ചെറുകിട ശുദ്ധജലവിതരണ പദ്ധതികൾ
4. എൻ.സി./പി.സി. വാർഡുകളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിയുള്ള 434 പദ്ധതികൾ
5. 11-ാം ധനകാര്യ കമ്മീഷൻ അവാർഡിൻപ്രകാരമുള്ള ഫണ്ടുപയോഗിച്ച് ഇപ്പോൾ പണികൾ നടന്നുവരുന്ന 12 പദ്ധതികൾ
6. പി.എം.ജി.വൈ. പദ്ധതി പ്രകാരമുള്ള 279 പദ്ധതികൾ
7. 90% കേന്ദ്ര സഹായത്തോടെയും 18% ഉപഭോക്തൃ വിഹിതത്തോടെയും നടപ്പിലാക്കി വരുന്ന വർഷ പദ്ധതിയുടെ 327 യൂണിറ്റുകൾ
8. ഗ്രാമങ്ങളിലും നഗരങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി എൽ.ഐ.സി./ ഹഡ്കോ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന 124 പദ്ധതികൾ
9. ടെക്നോളജി മിഷന്റെ കീഴിൽ നടപ്പാക്കിവരുന്ന 10 പദ്ധതികൾ
10. 90% കേന്ദ്ര സഹായത്തോടെയും 10% ഉപഭോക്തൃ വിഹിതത്തോടെയും നടപ്പിലാക്കി സ്വജൽധാരാ പദ്ധതികൾ
11. ജെ.ബി.ഐ.സി. ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന 5 ബൃഹത്തായ കുടിവെള്ള പദ്ധതികൾ
12. നബാർഡിന്റെ വായ്പയോടുകൂടി നടപ്പിലാക്കുന്ന 8 പുതിയ പദ്ധതികൾ.

അനുബന്ധം V

[29-1-2004-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യ നമ്പർ 4 (878) ദയവായി കാണുക]

പട്ടിക—1

10-ാം പദ്ധതി (2002-07)

അതിരപ്പിള്ളി	..	163	MW
ബാര പോൾ (stage I)	..	21	MW (Allotted to M/s T.C.C.)
ഭൂതത്താൻക്കെട്ട്	..	16	MW (Allotted to M/s Silcal)
ചെമ്പുക്കടവ് I and II	..	6.45	MW (Completed)
കാരിക്കയം	..	15	MW (Allotted to M/s TECIL)
കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ	..	100	MW (work awarded) (preliminary work started)

LIBRARY ARCHIVES Kerala Legislative Assembly